# പച്ചക്കറി കൃഷിയിലെ കഞ്ഞിക്കുഴി മാതൃക

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
01.10.2008

കഴിഞ്ഞ ദിവസം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ശ്രദ്ധേയമായ ഒരു ശില്പശാല നടന്നു. തദ്ദേശസ്വയംഭരണ വകുപ്പും തൃശൂരിലെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) ചേർന്ന് സംഘടിപ്പിച്ച സംസ്ഥാനതല പച്ചക്കറി കൃഷി ശില്പശാല. ശില്പശാല ഉദ്ഘാടനം ചെയ്യാൻ അവിടെ എത്തിയ എന്റെ മനസ്സിൽ നിറഞ്ഞുനിന്നത് സ്വാതന്ത്ര്യത്തിന്റെ ഓർമയാണ്. കഞ്ഞിക്കുഴി ഗ്രമപഞ്ചായത്ത് പ്രസിഡന്റായിരുന്ന സഖാവ് പി.പി. സ്വാതന്ത്ര്യത്തിന്റെ സ്മരണ.

ഇന്ന് പച്ചക്കറി കൃഷിയിലും പച്ചക്കറി ഉല്പാദനത്തിലും ഏറ്റവും തിളക്കമാർന്ന പേരാണ് കഞ്ഞിക്കുഴി. കേരളത്തിലെ എല്ലാ ഗ്രാമങ്ങൾക്കും മാതൃകയാക്കാവുന്ന ഒരു ഗ്രാമം. സ്വന്തം ഗ്രാമത്തെ ഒരു മാതൃകാ കാർഷിക ഗ്രാമമാക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ സ്വാതന്ത്ര്യം ഉജ്ജ്വല നേതൃത്വം നൽകി.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായ കുറ്റിമുല്ല കൃഷിയാണ് ആദ്യകാലത്ത് നടത്തിയത്. 1995 ലെ ഒരു ദിവസം സ്വാതന്ത്ര്യത്തിന്റെ ക്ഷണമനുസരിച്ച് കുറ്റിമുല്ലത്തോട്ടം ഞാൻ സന്ദർശിക്കുകയുണ്ടായി. അന്ന് മാരാരിക്കുളം എം.എൽ.എ.യും പ്രതിപക്ഷനേതാവുമാണ് ഞാൻ. നാട്ടുകാരുടെ ഉത്സാഹം ആരെയും ആവേശഭരിതമാക്കുന്നതായിരുന്നു. കുറ്റിമുല്ല കൃഷി വികസനത്തിന് നല്ല സാധ്യതയുള്ളതിനാൽ സർക്കാർ പഞ്ചായത്തിന് കാര്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണെന്ന് അന്നത്തെ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറോട് ഞാൻ ആവശ്യപ്പെടുകയുണ്ടായി. അതേ തുടർന്ന് ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ അനുവദിക്കപ്പെട്ടു. ആ തുക കൈമാറുന്ന ചടങ്ങിൽ ഞാൻ ഒരു നിർദേശം മുന്നോട്ടു വെച്ചു. കുറ്റിമുല്ല കൃഷിയുടെ വിജയത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് എന്തുകൊണ്ട് പച്ചക്കറി കൃഷിയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൂടാ? പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും ഭാഗഭാക്കാക്കിക്കൊണ്ട് സമഗ്രമായ പച്ചക്കറി വികസന പദ്ധതി നടപ്പാക്കണം. പഞ്ചായത്ത് പ്രസിഡന്റ് സ്വാതന്ത്ര്യം ആ നിർദ്ദേശം അപ്പോൾത്തന്നെ സ്വീകരിച്ചു. ജനങ്ങൾ വളരെ ആവേശത്തോടെയാണ് ആ

ആഹ്വാനം ഉൾക്കൊണ്ടത്. അന്ന് ജനകീയാസൂത്രണം നടപ്പായി കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന് ഫണ്ട് വളരെ കുറവാണ്. സ്വന്തം നിലയ്ക്ക് ചെലവഴിക്കാൻ കഴിയുന്ന തുക അയ്യായിരം രൂപയായിരുന്നുവെന്ന് തോന്നുന്നു. എന്നാൽ ജനകീയ പച്ചക്കറി കൃഷി പദ്ധതിക്ക് വേണ്ടി അറുപതിനായിരം രൂപ ചെലവഴിക്കാൻ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി. ആവശ്യമായത്ര വിത്തുകൾ ലഭ്യമാക്കാൻ കാർഷിക സർവകലാശാലയുടെ സഹായം ലഭ്യമാക്കി. അറുപതിനായിരം രൂപ ഉപയോഗിച്ച് വിത്തുകൾ വാങ്ങി പഞ്ചായത്തിലെ ആറായിരം കുടുംബങ്ങൾക്ക് വിതരണം ചെയ്തു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുമ്പോഴേക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നു കഴിഞ്ഞിരുന്നു. തുടർന്ന് പഞ്ചായത്തിന്റെ പച്ചക്കറി കൃഷി പദ്ധതിക്ക് സർക്കാർ എല്ലാവിധ സഹായവും ലഭ്യമാക്കി. മറ്റ് തൊഴിലുകൾക്കിടയിൽ സമയം കണ്ടെത്തിയും വീട്ടുജോലിക്കിടയിൽ സമയം കണ്ടെത്തിയും സ്ത്രീകളും പുരുഷന്മാരും കുട്ടികളുമെല്ലാം സോത്സാഹം പച്ചക്കറി കൃഷിയിൽ മുഴുകി. ജനകീയാസൂത്രണത്തിലും തുടർന്നും ഒരു മാതൃകയായി മാറാൻ കഞ്ഞിക്കുഴിയിലെ ജനങ്ങൾക്ക് കഴിഞ്ഞു. പച്ചക്കറി ഉല്പാദനത്തിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. ജനങ്ങളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിച്ചു. സഖാവ് സ്വാതന്ത്ര്യത്തിന്റെ നിര്യാണത്തിനുശേഷം വന്ന പഞ്ചായത്ത് പ്രസിഡന്റും സഹപ്രവർത്തകരും സ്വാതന്ത്ര്യത്തിന്റെ വഴിയേ തന്നെ ഊർജസ്വലരായി മുന്നോട്ടു പോകുന്നു. സപ്തംബർ 27 ന് കഞ്ഞിക്കുഴിയിൽ നടന്ന സംസ്ഥാനതല പച്ചക്കറി കൃഷി ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ടുള്ള പ്രസംഗത്തിനിടയിൽ പച്ചക്കറി കൃഷിയിലെ കഞ്ഞിക്കുഴി അനുഭവങ്ങൾ ഞാൻ അനുസ്മരിക്കുകയുണ്ടായി. കഞ്ഞിക്കുഴി പച്ചക്കറികൃഷിയുടെ പാഠങ്ങൾ വിലയിരുത്തിക്കൊണ്ട് സഖാവ് തോമസ് ഐസക് എഴുതിയ 'മരുപ്പച്ചകൾ ഉണ്ടാകുന്നത്' എന്ന പുസ്തകം കെ.എസ്. മനോജ് എം.പി.ക്ക് നൽകി ഞാൻ പ്രകാശിപ്പിച്ചു.

തദ്ദേശസ്വയം ഭരണവകുപ്പും കിലയും സംസ്ഥാനതല പച്ചക്കറി കൃഷി ശില്പശാല നടത്തിയത് സവിശേഷമായ ഒരു സാഹചര്യത്തിലാണ്.

ഒമ്പതാം പഞ്ചവത്സര പദ്ധതി നാം ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കി. കാർഷിക മേഖലയിൽ പ്രത്യേകിച്ച് പച്ചക്കറി മേഖലയിൽ അക്കാലത്ത് ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. എന്നാൽ പിന്നീടുള്ള അഞ്ച് വർഷം ജനകീയാസൂത്രണത്തിൽ നിന്നും പിറകോട്ടു പോവുകയാണുണ്ടായത്. പ്രാദേശിക വികസനത്തിൽ, പ്രത്യേകിച്ച് കാർഷികോല്പാദനത്തിൽ ഏറ്റവും പിറകോട്ടുപോയ അനുഭവമാണ് പത്താം പഞ്ചവത്സര പദ്ധതിക്കാലത്തുണ്ടായത്.

ഒന്നാം ജനകീയാസൂത്രണം അവസാനിക്കുന്ന ഘട്ടത്തിൽ ഒരു ലക്ഷത്തി എൺപത്തൊന്നായിരത്തിൽപ്പരം ഹെക്ടറിൽ പച്ചക്കറി കൃഷി ഉണ്ടായിരുന്നു. കഴിഞ്ഞ വർഷമായപ്പോൾ അത് നാല്പത്തെണ്ണായിരം ഹെക്ടറിലായി കുറഞ്ഞു. അതായത് സ്ഥല വിസ്തൃതിയിൽ 74 ശതമാനത്തോളം കുറവ്. ഉല്പാദനം പതിനെട്ട് ലക്ഷത്തി പതിമൂവായിരം ടണ്ണിൽ നിന്നും നാല് ലക്ഷത്തി എൺപത്തൊന്നായിരം ടണ്ണിലേക്ക് കുത്തനെ ഇടിഞ്ഞു. 74 ശതമാനത്തിന്റെ കുറവ്. ഒന്നാം ജനകീയാസൂത്രണം അവസാനിക്കുമ്പോൾ ഏത്തക്കായ കൃഷി ഒരു ലക്ഷത്തിപതിനായിരം ഹെക്ടറിലാണുണ്ടായിരുന്നത്. ഏഴ് ലക്ഷത്തി മുപ്പത്തോരായിരം ടൺ ഉല്പാദനം. 2006-07 ൽ എത്തിയപ്പോൾ വിസ്തൃതി അമ്പത്തൊമ്പതായിരം ഹെക്ടറായും ഉല്പാദനം നാല് ലക്ഷത്തി അറുപത്തി നാലായിരം ടണ്ണായും കുറഞ്ഞു. അതായത് സ്ഥലവിസ്തൃതിയിൽ 47 ശതമാനത്തിന്റെയും ഉല്പാദനത്തിൽ 37 ശതമാനത്തിന്റെയും കുറവ്.

ഫലഭൂയിഷ്ഠമായ ഭൂമിയും മിതശീതോഷ്ണമായ മെച്ചപ്പെട്ട കാലാവസ്ഥയും ആവശ്യത്തിന് മഴയുംകൊണ്ട് സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. നമ്മുടെ സംസ്ഥാനത്തിന്റെ പച്ചപ്പിനെപ്പറ്റി ലോകമെങ്ങുമുള്ളവർ പ്രശംസിക്കുന്നു. നാല്പത്തിനാല് നദികളും നൂറുകണക്കിന് തോടുകളും അരുവികളുമെല്ലാംകൊണ്ട് ധന്യമായ നാട്. എന്നാൽ മറ്റുള്ളവർക്ക് പ്രശംസിക്കാനും അതുകേട്ട് നമുക്ക് ആത്മനിർവൃതിയുണ്ടാകാനും മാത്രമാണ് അനുഗ്രഹീതമായ പ്രകൃതിയെങ്കിൽ എന്താണ് കാര്യം. എല്ലാ അനുകൂല സാഹചര്യവുമുണ്ടായിട്ടും നമുക്ക് തിന്നാൻ മാത്രമുള്ള പഴങ്ങളും നമുക്ക് കറിവെക്കാൻ വേണ്ടത്ര പച്ചക്കറികളും ഇവിടെയില്ലെന്നു വരുന്നത് എത്രമാത്രം പരിതാപകരമാണ്. നമുക്കാവശ്യമായ പഴങ്ങളുടെയും പച്ചക്കറികളുടെയും സിംഹഭാഗവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്നു. ഒരു ദിവസം ലോറി പണിമുടക്കിയാൽ മതി, അതല്ലെങ്കിൽ അതിർത്തിയിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ മതി പച്ചക്കറിക്കും പഴങ്ങൾക്കും ക്ഷാമമാവുകയായി. പെട്രോളിനും ഡീസലിനും വില കൂട്ടുന്നതിനനുസരിച്ച് അതിനൊക്കെ തീവിലയും. ദൂരെനിന്നും വാഹനങ്ങളിൽ എത്തിക്കുന്നതിനിടയിൽ കേട് പറ്റാതിരിക്കാൻ ചെയ്യുന്ന കൃത്രിമങ്ങൾ വേറെ. ജനങ്ങളെ രോഗികളാക്കുന്ന തരത്തിലാണ് കീടനാശിനി പ്രയോഗം. അതായത് എല്ലാ അനുകൂല സാഹചര്യവുമുണ്ടായിട്ടും പഴം, പച്ചക്കറി മേഖലയിൽ നാം കടുത്ത ഗതികേടിലാണ്.

നമുക്കാവശ്യമായ പഴങ്ങളും പച്ചക്കറിയും ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയണം. ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറി, പഴം, പാൽ, മുട്ട, ഇറച്ചി എന്നിവയുടെയും വമ്പിച്ച ഉല്പാദന വർധന ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ സമഗ്രമായ കർമ്മപരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത് ഈ സാഹചര്യത്തിലാണ്. നെല്ലുല്പാദനം ആറ് ലക്ഷത്തി നാല്പത്തീരായിരം ടണ്ണിൽ നിന്ന് പത്ത് ലക്ഷം ടണ്ണാക്കുക, പച്ചക്കറിയുടെയും മറ്റും കാര്യ

ത്തിൽ സ്വയംപര്യാപ്തത നേടുക എന്നതാണ് കർമപരിപാടിയുടെ ലക്ഷ്യം. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണമായി നല്ലനിലയിൽ നടപ്പാക്കിയതുപോലെ, പോരായ്മകളെല്ലാം പരിഹരിച്ച് പതിനൊന്നാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണമായി നടപ്പാക്കുകയാണ്. അതിൽത്തന്നെ കാർഷികമേഖലയ്ക്ക് പരമപ്രാധാന്യം നൽകണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമഗ്ര ഭക്ഷ്യോല്പാദന കർമ പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സുപ്രധാന പങ്ക് വഹിക്കുക എന്നർത്ഥം. അതിൽ പച്ചക്കറി കൃഷി വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗനിർദേശം നൽകുക എന്നതാണ് കഞ്ഞിക്കുഴി ശില്പശാലയിൽ നടന്നത്.

പച്ചക്കറി കൃഷി വികസനത്തിന് സുപ്രധാനമായ ഒരു കർമപദ്ധതി ഏതാനും മാസം മുമ്പ് ആരംഭിച്ചിട്ടുണ്ട്. ആയിരം പച്ചക്കറി ഗ്രാമങ്ങൾ എന്ന പദ്ധതി. ചുരുങ്ങിയത് അഞ്ച് ഹെക്ടർ ഭൂമിയിൽ ഊർജിതവും തുടർച്ചയായതുമായ പച്ചക്കറി കൃഷി. 25 മുതൽ 40 വരെ കൃഷിക്കാരുടെ സംഘങ്ങളുടെ നേതൃത്വത്തിലാണ് ഈ 'പച്ചക്കറി ഗ്രാമം' നടത്തുന്നത്. സംസ്ഥാനത്തെ നൂറ്റിനാല്പതോളം ഗ്രാമങ്ങളിലാണ് ഇത്തരം ആയിരം പച്ചക്കറി ഗ്രാമം സംഘടിപ്പിക്കുന്നത്. ഈ പദ്ധതി നല്ല വിജയമായിക്കഴിഞ്ഞു.

അതുപോലെ തന്നെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനവും ഊർജിതമാക്കാൻ നടപടിയെടുത്തിട്ടുണ്ട്. ആറായിരത്തഞ്ഞൂറ് സ്വാശ്രയ സംഘങ്ങളിലൂടെ ഒരു ലക്ഷത്തി പതിനയ്യായിരത്തോളം പഴം-പച്ചക്കറി കൃഷിക്കാർ അണിനിരന്നിട്ടുള്ള പ്രസ്ഥാനമാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ. പഴം-പച്ചക്കറി മേഖലയിൽ നമ്മുടെ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണത്.

ഇങ്ങനെ നമ്മുടെ സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് പഴം-പച്ചക്കറി കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയണം. കയറ്റുമതിക്കും നല്ല സാധ്യതയുള്ള മേഖലയാണിത്. നമുക്കാവശ്യമായതിന്റെ മൂന്നിലൊന്നാണിപ്പോഴത്തെ ഉല്പാദനം. പതിനൊന്നാം പദ്ധതിക്കാലത്ത് ഉല്പാദനം ഇരട്ടിപ്പിക്കുകയെങ്കിലും വേണം. അതിന് കഞ്ഞിക്കുഴിയെ മാതൃകയാക്കാൻ തദ്ദേശ സ്വയംഭരണ സമിതികളും മറ്റ് ബന്ധപ്പെട്ട എല്ലാവരും സന്നദ്ധമാകണം.